**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ഇടുക്കി**
ഡി.പി.ആർ.സി ബിൽഡിംഗ്, കുയിലിമല,
പൈനാവ് പി. ഒ. - 685603, ഫോൺ: 04862 295011,
ഇ-മെയിൽ: jdlsgdidk@gmail.com

നമ്പർ: LSGD/JD/IDK/4784/2025-F2 തിയതി: 07-10-2025

**സിറ്റിസൺ അദാലത്ത്**
**ഉപജില്ലാ സമിതി - ഐ വി ഒ III,തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി**
**ഡോക്കറ്റ് നമ്പർ- BPIDK30601000005 - ഡിനി ഈപ്പൻ കുര്യൻ**

**പരാതി സംഗതി**

അറക്കുളം ഗ്രാമ പഞ്ചായത്തിൽ 8-ാം വാർഡിൽ പണിത കെട്ടിടത്തിന് A3/3825/2019 dated 17/09/2019 നമ്പർ പെർമിറ്റിൻറെ അടിസ്ഥാനത്തിൽ താമസ ആവശ്യത്തിന് പണിതിട്ടുള്ള കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് ശ്രീ ഡിനി ഈപ്പൻ കുര്യൻ സമർപ്പിച്ചിട്ടുള്ളതാണ് പരാതി.

**1. അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്**

മേൽ പരാതിയിൽ പരാമർശിക്കുന്ന താമസ ആവശ്യത്തിന് വേണ്ടി പണിതിട്ടുള്ള പെർമിറ്റിൻറെ അടിസ്ഥാനത്തിൽ താമസ ആവശ്യത്തിന് പണിതിട്ടുള്ള കെട്ടിടത്തിൻറെ ക്രമവൽക്കരണ അപേക്ഷ അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 05-03-2025 ലെ 400560/BPRL01/GPO/2024/4679/(2) ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. നിരസിച്ചതിൻറെ പ്രധാന കാരണങ്ങൾ താഴെ ചേർക്കുന്നു

1. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലത്തേ പട്ടയം 1964 ലെ ലാൻഡ് അസൈൻമെൻറ് ചട്ട പ്രകാരം അനുവദിച്ചിട്ടുള്ളതും , ഭൂപതിവ് ചട്ടങ്ങൾ പാലിക്കുന്നില്ലാത്തതും , റവന്യൂ വകുപ്പിൻറെ NOC ഇല്ലാത്തതുമാണ്.
2. ടി പ്ലോട്ടിൽ നിർമ്മിച്ചിട്ടുള്ള മറ്റുകെട്ടിടങ്ങൾ G1 ഗണത്തിൽ ഉൾപ്പെടുന്നതാണ്.
3. ടി പ്ലോട്ട് റെഡ് സോണിൽ ഉൾപ്പെടുന്നതാണ്.
4. KPBR ചട്ടങ്ങളിൽ 6(4)(vii) പ്രകാരമുള്ള ഭൂമി പ്ലാനിൽ കാണിച്ചിട്ടില്ല.
5. കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ,2012 പ്രകാരം ആവശ്യമുള്ള അനുമതി ഇല്ല.(സെക്രട്ടറിയുടെ സൂചന ഉത്തരവിൽ ടി പരാമർശം 6-ാം ഖണ്ഡിക എന്ന് രേഖപ്പെടുത്തിയതായി കാണുന്നു.

**2.Order in IA 2/2025 In Appeal No. 131/2025 in the Tribunal for Local Self Government Institutions, Thiruvanathapuram**

ശ്രീ ഡിനി ഈപ്പൻ കുര്യൻ ബഹു. Tribunal for Local Self Government Institutions, Thiruvanathapuram –മുൻപാകെ സമർപ്പിച്ച പെറ്റിഷനിൽ, 19-03-2025 ൽ ശ്രീ ഡിനി ഈപ്പൻ കുര്യൻ സമർപ്പിച്ച അപേക്ഷ Convenor, Citizen Adalat, IVO-3 Subcommittee, LSGD, Idukki -685589 , ടി കേസിലെ എതിർകക്ഷിയായ ശ്രീ ജോസ് കുര്യനേയും കൂടി കേട്ടുകൊണ്ട് തീർപ്പുകൽപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

**3. ശ്രീ ജോസ് കുര്യനുവേണ്ടി അഡ്വ. മനു , ഫയൽ ചെയ്ത തടസ്സവാദങ്ങൾ**

i. സിറ്റിസൺ അദാലത്ത് ഉപസമിതിക്ക് ടി പര്തി കേൾക്കുന്നതിനുള്ള അധികാരമില്ല.
ii. പട്ടയ വ്യവസ്ഥകൾ പാലിക്കുന്നില്ല.
iii. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No: 33772/2024 നമ്പർ ഉത്തരവിൻറെ ലംഘനമാണ്.
Iv വസ്തുതകൾ മറച്ചുവച്ചിരിക്കുന്നു.
V നിയമലംഘനങ്ങൾ നടത്തി നമ്പറിങ്ങിനായി ശ്രമിക്കുന്നു.
Vi നിയമ സാധുതയില്ല.

**4.അപേക്ഷകൻ ശ്രീ ഡിനി ഈപ്പൻ കുര്യന്റെ വാദങ്ങൾ**

i. അറക്കുളം ഗ്രാമപഞ്ചായത്ത് അനുവദിച്ച A3/3825/2019 പ്രകാരമാണ് കെട്ടിടം പണി പൂർത്തിയ്ക്കിയിട്ടുള്ളത്.
ii. 2020ക്, 2021 കാലഘട്ടത്തി ലെ കോവിഡ് അനുബന്ധ നിയന്ത്രണങ്ങളുടെ പശ്ചാതതലത്തിൽ ടി കെട്ടിട

നിർമ്മാണത്തിന് താമസം നേരിടുകയും 01-11-2022 ൽ ടി പ്ലോട്ടിൽ പൂ ർത്തിയാക്കിയിട്ടുള്ള കെട്ടിടത്തിന് നമ്പരിനും ബാക്കിയുള്ള കെട്ടിടങ്ങൾക്ക് നമ്പരിനും വേണ്ടി അപേക്ഷ നൽകിയെങ്കിലും പഞ്ചായത്തിൽനിന്ന് രേഖാമൂലമോ വാക്കാലോ യാതൊരു പ്രതികരണവും ഉണ്ടാ യില്ല.

iii. 1964- പട്ടയ പ്രകാരം റസിഡെൻഷ്യൽ കെട്ടിടങ്ങൾ പണിയുന്നതിന് തടസ്സമില്ല.

iv. അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ ഒരു കത്തിൽ ടി പ്ലോട്ട് ഓറഞ്ച് സോണിൽ ആണെന്നും മറ്റൊരു കത്തിൽ റെഡ് സോണിലാണെന്നും കാണിച്ചിട്ടുണ്ട്.

v. KPBR-2019 22(3) പ്രകാരം ഗ്രാമ പഞ്ചായത്ത് നോട്ടിഫൈ ചെയ്ത ഭൂമിയിൽ മാത്രമേ മേൽ നിയന്ത്രണങ്ങൾ ഏർപ്പെ ടുത്താൻ കഴിയുകയുള്ളൂ. അറക്കുളം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം നോട്ടിഫിക്കേഷൻ നടത്തിയിട്ടില്ല.

vi. ലൈവ്സ്റ്റോക്ക് ലൈസൻസ് പരിധിയിൽ വരുന്ന പക്ഷിമൃഗാദികളെ ഇവിടെ വളർത്തുന്നില്ല.

vii. പെർമിറ്റ് ആവശ്യമുള്ള മറ്റ് നിർമ്മാണങ്ങൾ നടത്തിയിട്ടില്ല.

viii. സെക്രട്ടറി 05/12/2022, 03/12/2024 എന്നീ തിയതികളിൽ ഡിനി ഈപ്പന് അയച്ച എന്ന് പറയുന്ന കത്ത് ലഭിച്ചിട്ടില്ല.

**<u>അദാലത്ത് തീരുമാനം</u>**

Citizen Adalat, IVO-3 Subcommittee, LSGD, Idukki കൺവീനർ, സമിതി അംഗങ്ങളായ അസി. ടൌൺ പ്ലാനർ,അസ്സി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ പരാതി സംഗതി പരിശോധിച്ചു. പരാതിക്കാരനായ ശ്രീ. ഡിനി ഈപ്പൻ എതിർകക്ഷി ശ്രീ ജോസ് കര്യനുവേണ്ടി അഡ്വ. മനു , ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരെ കേട്ടു. ശ്രീ. ഡിനി ഈപ്പൻ കര്യന് എ1 ക്യാറ്റഗറിയിൽ A3/3825/2019 നമ്പരായി കെട്ടിട നിർമ്മാണ പെർമ്മി റ്റ് അനുവദിച്ചിട്ടുണ്ടെന്ന് അദാലത്ത്സമിക്ക് ബോധ്യപ്പെട്ടു.കോവിഡ് നിയന്ത്രണങ്ങളുള്ള കാലഘട്ടത്തിൽ ടി കെട്ടിട നിർമ്മാണത്തിന് താമസം നേരിട്ടിട്ടുണ്ട്.ആയതിനാൽ റെഗുലറൈസ് ചെയ്യുന്നതിന് ശ്രീ. ഡിനി ഈപ്പൻ അപേക്ഷ നൽകി. ടി അപേക്ഷയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. 05/12/2022, 03/12/2024 എന്നീ തിയതികളിൽ ശ്രീ ഡിനി ഈപ്പന് കത്ത് അയച്ചതിന്റെ രേഖകൾ സമിതിയുടെ പരിശോധനാ വേളയിൽ പഞ്ചായത്തിൽനിന്ന് ലഭ്യമായില്ല. 1964 ലെ പട്ടയപ്രകാരം റസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മാണത്തിന് തടസ്സമില്ലാത്തതും, ടി പ്ലോട്ടിൽ ലൈവ്സ്റ്റോക്ക് ലൈസൻസ് പരിധിയിൽ വരുന്ന എണ്ണത്തിനുള്ള പക്ഷിമൃഗാദികളെ വളർത്തുന്നില്ലാത്തതും ആണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ടി സാഹചര്യത്തിൽ KPBR-2019 22(3) പ്രകാരം നോട്ടിഫൈ ചെയ്യാത്ത പ്ലോട്ടിൽ അറക്കുളം ഗ്രാമപഞ്ചായത്തിൻറെ 17/09/2019 തിയതിയതലെ A3/3825/2019 പെർമിറ്റിൻറെ അടിസ്ഥാനത്തിൽ എ1 ക്യാറ്റഗറിയിൽ പണി തീർത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിക്കൊണ്ട് ഫയൽ തീർപ്പാക്കുന്നു.

വിശ്വസ്തതയോടെ,

**Abdul Samad P M**
**INTERNAL VIGILANCE OFFICER**
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇടുക്കി

Signed by
P M Abdul Samad
Date: 07-10-2025 14:15:14